CHRISTIAN MUSICOLOGICAL SOCIETY OF INDIA



# വിവാഹ വേളയിലെ കാസ

Fr. Justin T Neelankavil

പൗരസ്ത്യ കൽദായ സുറിയാനി സഭയിൽ വരനും വധുവിനും നൽകുന്ന വിവാഹ വേളയിൽ നൽകുന്ന കാസക്ക് തിരുസഭ വലിയ പ്രാധാന്യം നൽകുന്നു.

ഈ കാസയിൽ എന്തെല്ലാം ഇടുന്നു എന്നും അവ എന്തിനൊക്കെ പ്രതിനിധാനം ചെയ്യുന്നു എന്നും നോക്കാം?

പുരോഹിതന്റെ മാധ്യസ്ഥം വഴിയാണ് കാസ ദമ്പതികൾക്ക് ലഭിക്കുന്നത്. ശിമോനടുത്ത പൗരോഹിത്യത്തിന്റെ (അ.പ്ര 8: 14 - 24) മധ്യസ്ഥതയാണ് സഭ ഈ കർമ്മത്തിന് ചാർത്തുന്നത്

ആദ്യം കാസയിൽ വെള്ളവും വീഞ്ഞും കലർത്തുന്നു. വെള്ളവും വീഞ്ഞും കലർത്തിയ കാസ കർത്താവായ ഈശോമ്ശീഹായോടുള്ള ഐക്യത്തെ സൂചിപിക്കുന്നു. മ്ശീഹായോട് കൂടി നാം ഒരു ശരീരമാകണമെന്ന് വേദപുസ്തകം പഠിപ്പിക്കുന്നതു പോലെ ( 1 കൊരിന്ത്യർ 1: 12-29) ഇരുശരീരങ്ങളായിരുന്ന മണവാളനും മണവാട്ടിയും ഈ കാസാ കുടിക്കുന്നതിനാൽ മ്ശീഹായോട് ഐക്യപ്പെടുന്നത് വഴി പരസ്പരം ഒരു ശരീരമായിത്തീരുന്നു.

രണ്ടാമത് , ഇങ്ങനെ കലർത്തിയ കാസയിൽ മണവാട്ടി അണിയുന്ന മോതിരം ഇടുന്നു. ഈ മോതിരത്തെ ശലോമോന്റെ മോതിരത്തോട് സഭ ഉപമിക്കുന്നു. ബുദ്ധിമാനായ, പ്രശ്നങ്ങളെ തന്ത്രപൂർവ്വം പരിഹരിക്കുവാൻ കഴിവുള്ള ശലോമോന്റെ അധികാര ചിഹ്നമായ മോതിരം, മണവാട്ടിക്ക് അങ്ങനെയുള്ള കഴിവ് സഭ നൽകുന്നതിന്റെ അടയാളമാകുന്നു.
മോതിരത്തെ സ്വർഗ്ഗീയ ദാനങ്ങളുടെ അച്ചാരമായി (Token ) മാർ നർസൈ വിവരിക്കുന്നു. അതായത് Token of heavenly gift.
മോതിരം ധാമ്പത്യ സത്യപ്രതിജ്ഞയുടെ പ്രതീകമാണ്.

അപ്പനെയും അമ്മയെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും എന്നത് Sexual intercourse നുള്ള അനുമതിയാണെന്നും അപ്പനെയും അമ്മയെയും ഉപേക്ഷിക്കാനുള്ള അനുമതിയല്ലെന്നും നമുക്ക് അറിയാമല്ലോ.

മൂന്നാമത് ഈ കാസയിൽ പുരുഷൻ അണിയുന്ന സ്ലീവ ഇടുന്നു. സ്ലീവരക്ഷയുടെ അടയാളമാണല്ലോ. സഭാപിതാക്കന്മാർ സ്ലീവയെ വിവാഹവുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിച്ചിട്ടുണ്ട്.
സ്ലീവ വധുവിന്റെയും വരന്റെയും മനസ്സിലെ സത്യം ( അതായത് കള്ളം ഒളിപ്പിച്ചുള്ള വിവാഹത്തിന് സഭയിൽ സ്ഥാനമില്ല എന്നർത്ഥം , അത് അനുഗ്രഹത്തിനു പകരം ശാപം കൈവരുത്തും എന്ന് മാർ ഔദീശോ - മർഗ്ഗാ നീത്ത) സ്ഥിരമാക്കുന്നതിനുള്ള അടയാളമാണ്; ഇത് വിവാഹ ബന്ധത്തിൽ കാണിക്കേണ്ട സഹനത്തിന്റെയും സ്നേഹത്തിന്റെയും അടയാളമാണ്; വിവാഹ ബന്ധത്തിൽ ലഭിക്കുവാനിരിക്കുന്ന സ്വർഗ്ഗീയദാനങ്ങളുടെ അടയാളമാണ് ( പാട്രിയർക്ക് തിമോത്തി 2 - ).

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

. അവസാനമായി ഈ കാസയിൽ ഹ്നാന (ദൈവകാരുണ്യം വിശുദ്ധന്മാരിലൂടെ കൈവന്നതിനെ സൂചിപ്പിക്കുന്നു.) ഇടുന്നു. ഹ്നാന രക്തസാക്ഷികളുടെ തിരുശേഷിപ്പാക്കുന്ന മണ്ണും ഒലിവ് ഓയിലും ചേർത്ത് ഉണക്കി അരിച്ചുണ്ടാക്കുന്ന പൊടിയാകുന്നു. സത്യവിശ്വാസം പഠിപ്പിച്ച വിശുദ്ധന്മാരുടെ ശക്തി ഈ ദൈവകാരുണ്യത്തിലൂടെ നമുക്ക് ലഭിക്കുന്നതിനും തലമുറ തലമുറ കൈമാറുന്നതിനും ഉള്ള പ്രതീകമായാണ് ഇത് ചെയ്യുന്നത്.

ഇപ്പോൾ വരനും വധുവും കുടിക്കാൻ പോകുന്ന കാസയുടെ പ്രത്യേകതകൾ നോക്കൂ

ശീമോന്റെ മഹത്വമുള്ള പൗരോഹിത്യത്തിന്റെയും ശലമോന്യ മോതിരത്തിന്റെയും കർതൃ സ്ലീവയുടെയും പരിശുദ്ധന്മാരുടെ തിരുശേഷിപ്പുകളിൽ നിന്നുള്ള ഹ്നാനയുടെയും പ്രതീകമായി മാറിയിരിക്കുന്നു ഈ കാസ.

അതിനു ശേഷം മ്ശീഹയുടെ കൃപ പിതാവിന്റെ സ്നേഹം പരിശുദ്ധാത്മാവിന്റെ കൂട്ടായ്മ എന്നിവ ഇതിൽ ആവസിപ്പിക്കുന്ന പ്രാർത്ഥന ചൊല്ലുന്നു.

ഇവ എല്ലാം ചേർത്ത് വരനും വധുവും കുടിക്കുന്നതിലൂടെ വരൻ അണിയുന്ന സ്ലീവായുടെ പ്രതീകങ്ങൾ വരനു മാത്രമല്ല വധുവിനും കൂടെ ബാധകമാകുന്നു. അപ്രകാരം വധു അണിയുന്ന മോതിരത്തിന്റെ പ്രതീകങ്ങൾ വരനും ബാധകമാകുന്നു.

അതായത് മ്ശീഹായോടുള്ള ഐക്യം അഥവ പരസ്പരം ഒരു ശരീരമാകണമെന്ന കല്പനയും അധികാരത്തിന്റെ ( എഫെസ്യർ 5:21; 1 കൊറിന്ത്യർ 7:4)ബുദ്ധിയും നീതി നടപ്പാക്കുന്ന തന്ത്രവും ദാമ്പത്യ സത്യപ്രതിജ്ഞയുടെ ഉത്തരവാധിത്വവും മനസ്സിലെ സത്യം സൂക്ഷിക്കേണ്ട കടമയും സഹനവും സ്നേഹവും സത്യവിശ്വാസം മക്കൾക്ക് പകർന്ന് നൽക്കേണ്ടതിനുള്ള ഉത്തരവാധിത്വവും വധുവിനും വരനും ജീവിതാവസാനം വരെയുള്ള കടമയായി മാറുന്നു.

Christian Musicological Society of India

www.TheCMSIndia.org